**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

03.07.2020, 12.00 PM ന് ബഹു വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ ചേർന്ന റൂസ അവലോകന സമിതി യോഗത്തിന്റെ നടപടി കുറിപ്പ് - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**എസ് സി / എസ് ടി സെൽ**

നമ്പർ. 3300/SC/ST Cell/2020/എം.ജി.യു     പ്രിയദർശിനി ഹിൽസ്,തീയതി: 21.07.2020

---

*പരാമർശം:*-7803/P&D 3/1/2019/P&D 3 തീയതി 17.07.2020, റൂസ അവലോകന സമിതി യോഗത്തിന്റെ അംഗീകരിച്ച നടപടി കുറിപ്പ്.

**ഉത്തരവ്**

റൂസാ പദ്ധതികളുടെ അവലോകന സമിതി യോഗം 03.07.2020, 12.00 PMന് വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു .

- റൂസ ഒന്നാം ഘട്ടത്തിലുൾപ്പെട്ട സ്റ്റുഡന്റ് അമ്നെറ്റിസ് ആൻഡ് ഇൻക്യൂബേഷൻ സെന്റർ കെട്ടിട നിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് യോഗത്തിൽ ശുപാർശ ചെയ്തു. അതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് സർവകലാശാല എൻജിനീയറെ ചുമതലപ്പെടുത്തി.

- റൂസ ഒന്നാം ഘട്ടത്തിൽ ആദ്യ ഗഡുവായി ലഭിച്ച 2.5 കോടി രൂപ 65:35 (central:state) അനുപാതത്തിലാണ് കണക്കു കൂട്ടിയത്. എന്നാൽ പിന്നീട് മറ്റ് ഗഡുക്കൾ ലഭിച്ചപ്പോൾ ആദ്യ ഗഡുവിനും 60:40 അനുപാതം എന്ന് തീരുമാനിക്കുകയും അതനുസരിച്ച് ആദ്യ ഗഡുവിൽ അത് തട്ടിക്കിഴിച്ചപ്പോൾ യഥാർത്ഥ പേയ്മെന്റ് 60:35 എന്ന അനുപാതത്തിൽ ആയിപോകുകയും 2.5 കോടി രൂപയുടെ 5% state share ലഭിക്കാതെ പോകുകയും ചെയ്തതായി റൂസ കോർഡിനേറ്റർ യോഗത്തിൽ റിപ്പോർട്ട് ചെയ്തു . ആയതിനാൽ പ്രസ്തുത വിഹിതം ലഭിക്കുന്നതിനായി സർക്കാരിലേക്ക് കത്ത് നൽകുന്നതിന് യോഗം ശുപാർശ ചെയ്തു.

- റൂസ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി Entrepreneurship, Employability and Career Hub ന് ആദ്യ ഗഡുവായി അനുവദിക്കപ്പെട്ട 7.5 കോടി രൂപയിൽ ബാക്കി ലഭ്യമാകാനുള്ള 3.6 കോടി രൂപ കൂടി ലഭ്യമാക്കുന്നതിന് 15.06.2020 തീയതിയായി സർക്കാരിലേക്ക് കത്ത് നൽകിയിരുന്നു.അതുമായി ബന്ധപ്പെട്ട് ഒരു reminder കൂടി സമർപ്പിക്കുന്നതിന് യോഗത്തിൽ ശുപാർശ ചെയ്തു.

- റൂസ മോണിറ്ററിങ് കമ്മിറ്റിയിൽ പി&ഡി ഡയറക്ടർ(i/c) നെ കൂടി ഉൾപ്പെടുത്തുന്നതിന് യോഗം ശുപാർശ ചെയ്തു.

- റൂസ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി MGU Innovation Foundation എന്ന പേരിൽ കമ്പനി രൂപീകരിച്ച് രജിസ്റ്റർ ചെയ്യുകയും അതിന്റെ ഭാഗമായി Entrepreneurship, Employability and Career Hub-ന്റെ പ്രവർത്തനങ്ങൾ വേഗത്തിൽ തുടങ്ങുന്നതിനായി നിർമ്മാണം പൂർത്തിയായിരിക്കുന്ന സ്റ്റുഡന്റ് അമ്നെറ്റിസ് ആൻഡ് ഇൻക്യൂബേഷൻ സെന്ററിന് കെട്ടിട നമ്പറും ഫോൺ നമ്പറും അടിയന്തിരമായി ലഭ്യമാക്കുന്നതിന് സർവകലാശാല എൻജിനീയറെ ചുമതലപ്പെടുത്തി.

റൂസാ പദ്ധതികളുടെ അവലോകന സമിതി യോഗ ശുപാർശകൾ വൈസ് ചാൻസലർ അംഗീകരിച്ചു. തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

Draft #29 of File 7803/P&D 3/1/2019/P&D 3 Approved by DEPUTY REGISTRAR (P & D) on 21-Jul-2020 10:35 AM - Page 1

ദിലീപ് കുമാർ ആർ

ഡെപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

വി സി/ പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
രജിസ്ട്രാർ/സി ഇ / എഫ് ഓ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റ്മാർ
ജോയിന്റ് രജിസ്ട്രാർ 3 (ഭരണ വിഭാഗം )
റൂസ കോർഡിനേറ്റർ
ഫിനാൻസ് പ്രൈവറ്റ് I/ഓഡിറ്റ് I,V/ IQAC
എ സി സി / എ ഡി ഡി സെക്ഷൻ
ജോയിന്റ് ഡയറക്ടർ കെ എസ് എ ഡി
അക്കൗണ്ട്സ് V /ജനറൽ ക്യാഷ്
റെക്കോർഡ്സ് സെക്ഷൻ
സി എം എസ്
എസ് എഫ് / എഫ് സി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #29 of File 7803/P&D 3/1/2019/P&D 3 Approved by DEPUTY REGISTRAR (P & D) on 21-Jul-2020 10:35 AM - Page 2